

# ശബരിമല മീഡിയ സെന്റർ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

ഫോൺ/ഫാക്സ് : 0473 5202664 E-mail : sabarimalanews@gmail.com
www.sabarimala.kerala.gov.in



പത്രക്കുറിപ്പ് | ഡിസംബർ 4, 2009, വെള്ളി | വൃശ്ചികം 19, 1185


# സുരക്ഷാ പരിശോധന: 148 അനധികൃത വഴിവാണിഭക്കാരെ പിടികൂടി

സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ വി.കെ.ഗിരിജാനാഥൻനായരുടെ നേതൃത്വത്തിലുള്ള പോലീസ്- ആർ.എ.എഫ്, എൻ.ഡി.ആർ.എഫ് സേനാംഗങ്ങൾ സന്നിധാനത്തും പരിസരങ്ങളിലും നടത്തിയ മിന്നൽപരിശോധനയിൽ 148 അനധികൃത വഴിവാണിഭക്കാരെ പിടികൂടി. ഇവരിലധികവും ഝാർഖണ്ഡ്, ബീഹാർ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്.



*മിന്നൽ പരിശോധനയ്ക്കിടെ സന്നിധാനം എസ്.ഒ: വി.കെ.ഗിരിജാനാഥൻ നായരുടെ നേതൃത്വത്തിലുള്ള സേനാംഗങ്ങൾ അനധികൃത വഴിവാണിഭക്കാരനെ പിടികൂടിയപ്പോൾ.*

ചരൽമേട്, ചന്ദ്രാനന്ദൻ റോഡ്, മരക്കൂട്ടം, കഴുത റോഡ് ഭാഗങ്ങളിൽ പകൽ 10 മണിമുതൽ ഒരുമണിവരെയായിരുന്നു പരിശോധന. ചരൽമേട് ഉൾവനത്തിൽ അഞ്ച് താൽക്കാലിക ഷെഡ്ഡുകളിലായി തമ്പടിച്ചാണ് ഇവർ കളിപ്പാട്ടങ്ങളും ആഭരണങ്ങളും ഉൾപ്പെടെയുള്ള കച്ചവടസാധനങ്ങൾ പമ്പമുതൽ സന്നിധാനം വരെയുള്ള തീർത്ഥാടന വഴികളിൽ വില്പന നടത്തിയിരുന്നത്.

പിടികൂടപ്പെട്ടവരെല്ലാം 20നും 25നും മദ്ധ്യേ പ്രായമുള്ളവരാണ്. വനത്തിന്റെ വിവിധ ഭാഗങ്ങളിൽ അറുന്നൂറോളം വഴിവാണിഭക്കാർ തമ്പടിച്ചിട്ടുണ്ടെന്നും എറണാകുളം തേവരയിൽ വ്യാപാരം നടത്തുന്ന ഝാർഖണ്ഡ് സ്വദേശി മുന്നയാണ് ഇവരെയെല്ലാം വഴിവാണിഭത്തിനായി ഏർപ്പെടുത്തിയതെന്നും പിടികൂടപ്പെട്ടവർ പോലീസിനോട് പറഞ്ഞു. ഇവർക്ക് തീവ്രവാദ ബന്ധങ്ങളുണ്ടോയെന്ന് പോലീസ് അന്വേഷിച്ചുവരികയാണ്.

***SPR/2009-10/125***

# പൂജാസമയങ്ങളിൽ മാറ്റമില്ല

ബാബ്റി മസ്ജിദ് ദിനത്തോടനുബന്ധിച്ച് ശബരിമലയിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പൂജാസമയങ്ങളിലോ അഭിഷേകം ഉൾപ്പെടെയുള്ള വഴിപാടുകളുടെ നടത്തിപ്പിലോ മാറ്റമില്ല. ഇന്നും (ഡിസം 5) നാളെയും (6) മറ്റന്നാളും (7) ഇരുമുടിക്കെട്ടില്ലാതെ ദർശനം അനുവദിക്കില്ല. ഇന്നുരാത്രി 11 മണിക്ക് നട അടച്ച ശേഷം ഭക്തജനങ്ങളെ ക്ഷേത്രത്തിലേക്ക് പ്രവേശിപ്പിക്കുകയില്ല. ഇന്നുമുതൽ മൂന്നുദിവസങ്ങളിൽ ഇരുമുടിക്കെട്ട് സോപാനം പരിസരത്ത് വച്ച് അഴിക്കരുത്. നെയ്ത്തേങ്ങകൾ നെയ്ത്തോണിയിൽ ഉടയ്ക്കാൻ അനുവദിക്കില്ല. ഇതിനായി മാളികപ്പുറം മേൽപാലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തി. സോപാനം ഭണ്ഡാരത്തിൽ കാണിക്കയും മറ്റ് സാധനങ്ങളും സമർപ്പിക്കുവാൻ അനുവദിക്കില്ല. ഇതിനായി നാഗക്ഷേത്രത്തിനും ഗണപതിക്ഷേത്രത്തിനുമിടയിൽ ചെമ്പ് പാത്രം സജ്ജീകരിച്ചിട്ടുണ്ട്. നെയ്യഭിഷേകം കർശന പരിശോധനക്ക് ശേഷമേ നടത്തൂ.

***SPR/2009-10/126***

# ശ്രീ ശബരീശപൂങ്കാവനം പ്ലാസ്റ്റിക് മുക്തമാക്കാൻ ചെന്നൈയിൽ ഭക്തജനപ്രസ്ഥാനം

ശ്രീശബരീശ പൂങ്കാവനം പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്നതിനുള്ള കേരള ഗവൺമെന്റിന്റെയും ദേവസ്വം ബോർഡിന്റെയും പരിശ്രമങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് തമിഴ്നാട്, ആന്ധ്ര, കർണാടക, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ നിന്നുള്ള ശബരിമല തീർത്ഥാടകരെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ചെന്നൈയിൽ 'ക്ലീൻ ശബരിമല' പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചു. തന്ത്രി കണ്ഠര് രാജീവരരുടെ മാർഗ്ഗനിർദ്ദേശപ്രകാരം ആവടി ഭക്തവൽസലപുരം അയ്യപ്പക്ഷേത്ര ഭാരവാഹികളും മറ്റു ശബരീശഭക്തരുമാണ് ഈ പ്രസ്ഥാനത്തിനു രൂപം നൽകിയത്.

ക്ലീൻ ശബരിമലയുടെ വെബ്സൈറ്റായ www.cleansabarimala.comന്റെ ഉദ്ഘാടനം ഇന്നു(04.12.09) രാവിലെ 10മണിക്ക് ഭക്തവൽസലപുരം അയ്യപ്പക്ഷേത്രമണ്ഡപത്തിൽ നടന്ന ചടങ്ങിൽ തന്ത്രി കണ്ഠര് രാജീവരര് നിർവഹിച്ചു. പ്ലാസ്റ്റിക്ക് ഒഴിവാക്കി ശബരീശദർശനം നടത്തുവാൻ ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം ഭക്തജനങ്ങളോട് ആഹ്വാനം ചെയ്തു. ഭഗവൽപ്രീതിക്കായി ഇരുമുടിക്കെട്ടിൽ കരുതുന്ന പൂജാസാധനങ്ങളും മറ്റും പ്ലാസ്റ്റിക് കവറുകളിലാകരുത്. പകരം കടലാസുകവറുകളോ, തുണിസഞ്ചികളോ ഉപയോഗിക്കണം. നെയ്തേങ്ങ, ഉണക്കലരി, ശർക്കര, കൽക്കണ്ടം, മലർ,അവിൽ, കദളിപ്പഴം, കർപ്പൂരം, കാണിപ്പൊന്ന്, മഞ്ഞൾപ്പൊടി എന്നിവ മാത്രമേ ഇരുമുടിക്കെട്ടിൽ കരുതേണ്ടതുള്ളു. കൃത്രിമമായ തേൻ, ചന്ദനം, പനിനീർ, കളഭം, ചന്ദനത്തിരി മുതലായവയ്ക്ക് ശബരിമലയിൽ ഉപയോഗമില്ലാത്തതിനാൽ കൊണ്ടുവരേണ്ടതില്ല.

ശബരിമല തീർത്ഥാടകരിലധികവും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാകയാൽ അവരെ ബോധവൽക്കരിക്കുന്നതിലൂടെ മാത്രമേ ശബരിമലയിലെ മാലിന്യപ്രശ്നം നിയന്ത്രിക്കാനാവൂ എന്ന് തന്ത്രി പറഞ്ഞു.

ചടങ്ങിൽ ക്ഷേത്രം ഭരണസമിതി പ്രസിഡന്റ് എൻ. വിശ്വനാഥൻനായർ, സെക്രട്ടറി ബാലകൃഷ്ണപിള്ള, സന്നദ്ധപ്രവർത്തരായ റ്റി.ആർ.അനന്തപത്മനാഭൻ, നെടുമുടി ശ്രീജിത് നമ്പൂതിരി, ആർ.അജിത്കുമാർ, വെബ് ഡിസൈനർ രഘു ആൽസേ, ആർ.കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു.

ഇവരിൽ റ്റി.ആർ.അനന്തപത്മനാഭൻ 16 വർഷം തുടർച്ചയായി ചെന്നൈയിൽ നിന്നും കാൽനടയായി ശബരിമലയിലെത്തി അയ്യപ്പദർശനം നടത്തിയ ശബരീശ ഭക്തനാണ്. ഈ വർഷവും അദ്ദേഹം കാൽനടയായി വരാനാണ് ഉദ്ദേശിക്കുന്നത്. ശബരിമലയിൽ പ്ലാസ്റ്റിക് മാലിന്യം മൂലം പരിസ്ഥിതിക്കും വന്യജീവികൾക്കുമുണ്ടാകുന്ന ദോഷം വളരെ മാരകമാണെന്ന് പ്രസംഗകർ ചൂണ്ടിക്കാട്ടി. പൂജാ



*ക്ലീൻ ശബരിമലയുടെ വെബ്സൈറ്റ് ഉദ്ഘാടനം ചെന്നൈയിൽ തന്ത്രി കണ്ഠര് രാജീവരര് നിർവഹിക്കുന്നു.*

സാധനങ്ങളും ഭക്ഷണവും നിറച്ച പ്ലാസ്റ്റിക് കവറുകൾ പല ഭക്തരും അലസമായി വലിച്ചെറിയുകയാണ് ചെയ്യുന്നത്. ഇവ നിരന്തരം ഭക്ഷിക്കാനിട വരുന്ന എത്രയെത്ര വന്യമൃഗങ്ങൾക്കു ജീവഹാനി നേരിടുന്നുണ്ടെന്ന് നാമറിയുന്നില്ല. ഈയിടെ ഏറ്റുമാനൂരമ്പല പരിസരത്ത് ഒരു പശു മരിച്ചു. അതിന്റെ ആമാശയത്തിൽ 17 കിലോഗ്രാം പ്ലാസ്റ്റിക് അടിഞ്ഞതാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നു. ഇങ്ങനെയെങ്കിൽ എത്രയെത്ര വന്യമൃഗങ്ങൾ ഭക്ഷണാവശിഷ്ടങ്ങളുടെ രുചിയും മണവുമുള്ള പ്ലാസ്റ്റിക് കവറുകളും മറ്റും തിന്ന് നശിക്കുന്നുണ്ടാകണമെന്ന് റ്റി.ആർ.അനന്തപത്മനാഭൻ ആശങ്ക രേഖപ്പെടുത്തി. പ്ലാസ്റ്റിക് ബോട്ടിലുകൾ, കവറുകൾ, മിഠായി- ബിസ്ക്കറ്റ് പാക്കറ്റുകൾ എന്നിവയെല്ലാം ശബരിമലയിൽ ഒഴിവാക്കണം. പമ്പയിലും മറ്റും തുച്ഛമായ വിലയ്ക്കുകിട്ടുന്ന പ്ലാസ്റ്റിക് റയിൻകോട്ടുകളും ഇപ്പോൾ വലിയ മാലിന്യപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഇവയെല്ലാം ഏതെങ്കിലും കാരണവശാൽ കൊണ്ടുവരേണ്ടിവന്നാൽ തിരികെ കൊണ്ടുപോയി സംസ്കരിക്കണം. ഇരുമുടിക്കെട്ടിൽ കൊണ്ടുവരുന്ന പ്ലാസ്റ്റിക് കവറുകൾ ദേവസ്വം ജീവനക്കാർ പാടുപെട്ട് ശേഖരിച്ച് ഖരമാലിന്യപ്ലാന്റുകളിൽ സംസ്കരിക്കുന്നുണ്ട്. അപ്പോഴും നാം വായുമലിനീകരണഭീഷണിയെ നേരിടുകയാണ്. അതിനാൽ ഈ വിധ പ്രശ്നങ്ങൾക്കുള്ള ഏക പോംവഴി പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ ഒന്നുംതന്നെ ശ്രീശബരീശപൂങ്കാവനത്തിലേക്ക് കൊണ്ടുപോകില്ലെന്ന ഓരോ ഭക്തന്റെയും തീരുമാനമാണ്.

വിവിധ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട ക്ഷേത്രസമിതികൾ ശ്രമിച്ചാൽ ഒട്ടേറെ ഭക്തജനങ്ങളെ ഇക്കാര്യം പറഞ്ഞു ബോധവൽക്കരിക്കാനാകും. കേരളത്തിനുപുറ

ത്തുള്ള ശബരിമല ഇൻഫർമേഷൻ സെന്ററുകളിലൂടെയും ഈ സന്ദേശം പ്രചരിപ്പിക്കണം - നെടുമുടി ശ്രീജിത് നമ്പൂതിരി അഭിപ്രായപ്പെട്ടു.

പരിസ്ഥിതി സംരക്ഷണത്തിന്റെ മഹത്തായ സന്ദേശമാണ് ശബരിമലയിലെ ആചാരങ്ങൾ നൽകുന്നത്. 18 വർഷം പതിനെട്ടാംപടി ചവിട്ടുന്നവർ വൃക്ഷം(തെങ്ങ്) നടുന്നത് ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ടാണ്. 'ദശപുത്രേ സമഃ ഏകവൃക്ഷഃ 'എന്ന ശാസ്ത്രമതം ഉദ്ഘോഷിക്കുന്ന ആചാരം ശബരിമലയിൽ കാത്തുപോരുന്ന ഭക്തജനങ്ങൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലം വനം നശിക്കുന്നുണ്ടെന്ന പരമാർത്ഥം മനസിലാക്കണം.

പമ്പാ മലിനീകരണമാണ് മറ്റൊരു പ്രധാന പ്രശ്നം. ഉടുമുണ്ട്, മാലകൾ, എച്ചിലിലകൾ മുതലായവ പമ്പയിലുപേക്ഷിക്കുന്നത് ആചാരമല്ല. നദിയിൽ ഉപേക്ഷിക്കുന്ന തുണികളും മറ്റും ശേഖരിച്ച് ബ്ലീച്ച് ചെയ്ത് നിറംകൊടുത്ത് വീണ്ടും വിപണികളിലെത്തിക്കുന്നവർ ഉണ്ടെന്ന വസ്തുത മനസിലാക്കണം.

നവംബർ 14നാണ് ക്ലീൻ ശബരിമല പ്രസ്ഥാനം പ്രവർത്തനം തുടങ്ങിയത്. ഇതിനകം ചെന്നൈയിലെ 20 അയ്യപ്പക്ഷേത്രങ്ങൾ ഉൾപ്പെടെയുള്ള വിവിധ ക്ഷേത്രങ്ങളിൽ ഇതിന്റെ പ്രവർത്തകർ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. ബാനറുകൾ സ്ഥാപിച്ചു; ലഘുലേഖകൾ വിതരണം ചെയ്തു. ഊട്ടി, രാമേശ്വരം ഉൾപ്പെടെയുള്ള തമിഴ്നാട്ടിലെ ഒട്ടേറെ ക്ഷേത്രങ്ങളിലേക്ക് ഇതു സംബന്ധിച്ച അറിയിപ്പുകൾ നൽകി. ഇരുമുടിക്കെട്ടുകളിൽ ഉപയോഗിക്കുന്നതിന് ശബരിമലയിൽ അപ്പം പായ്ക്ക് ചെയ്യുവാൻ ഉപയോഗിക്കുന്ന ബട്ടർ പേപ്പറുകളുടെ സാമ്പിളുകൾ മാതൃകയായി നൽകി. ***SPR/2009-10/127***

# ശബരിമലയിൽ ശക്തമായ സുരക്ഷാസന്നാഹം

ബാബ്റി മസ്ജിദ് ദിനത്തോടനുബന്ധിച്ച് ശബരിമലയിൽ ഐ.ജി: ജി.ബാബുരാജിന്റെ മേൽനോട്ടത്തിൽ ശക്തമായ സുരക്ഷാസന്നാഹം. പോലീസ് സ്പെഷ്യൽ ഓഫീസർ വി.കെ.ഗിരിജാനാഥൻനായരുടെ നേതൃത്വത്തിൽ ഏത് പ്രതികൂല സാഹചര്യത്തെയും നേരിടാൻതക്കവണ്ണം പോലീസ്-ആർ.എ.എഫ്-എൻ.ഡി.ആർ.എഫ് സംയുക്തസേന ശബരിമലയിൽ വിന്യസിച്ചിരിക്കുകയാണ്. സന്നിധാനം സ്പെഷ്യൽ ഡ്യൂട്ടിക്കായിസ്പെഷ്യൽ ബ്രാഞ്ച് പോലീസിലെ വിദഗ്ധപരിശീലനം നേടിയ 25 പേർ കൂടി വെള്ളിയാഴ്ച എത്തിച്ചേർന്നിട്ടുണ്ട്.

***SPR/2009-10/128***



## ശബരിമലയിൽ ഇന്ന് (05.12.2009)

| | | | |
|---|---|---|---|
| രാവിലെ | 4.00ന് | : | നട തുറക്കൽ |
| | 4.10വരെ | : | നിർമാല്യദർശനം |
| | 4.10ന് | : | അഭിഷേകം |
| | 4.20ന് | : | മഹാഗണപതിഹോമം |
| | 7.30ന് | : | ഉഷഃപൂജ |
| | 12.30 ന് | : | ഉച്ചപൂജ |
| | 1.00ന് | : | നട അടയ്ക്കൽ |
| വൈകിട്ട് | 4.00ന് | : | നട തുറക്കൽ |
| | 6.30ന് | : | ദീപാരാധന |
| | 7.00ന് | : | പുഷ്പാഭിഷേകം |
| | 10.30ന് | : | അത്താഴപൂജ |
| | 10.50ന് | : | ഹരിവരാസനം |
| | 11.00 ന് | : | നട അടയ്ക്കൽ |

ശുഭം

***SPR/2009-10/129***

## മാളികപ്പുറത്ത്

## ഇന്ന് (05.12.2009)

| | | | |
|---|---|---|---|
| രാവിലെ | 4.00ന് | : | നട തുറക്കൽ |
| | 4.15 വരെ | : | നിർമ്മാല്യം |
| | 4.15ന് | : | അഭിഷേകം, മലർ നിവേദ്യം |
| | 4.30ന് | : | ഗണപതി ഹോമം |
| | 7.30ന് | : | ഉഷഃപൂജ |
| | 12.30 ന് | : | ഉച്ചപൂജ |
| | 1.00ന് | : | നടഅടയ്ക്കൽ |
| വൈകിട്ട് | 4.00ന് | : | നടതുറക്കൽ |
| | 6.30ന് | : | ദീപാരാധന |
| | 7.00ന് | : | ഭഗവതിസേവ |
| | 10.30ന് | : | അത്താഴപൂജ |
| | 11.00 ന് | : | നടഅടയ്ക്കൽ |

ശുഭം

***SPR/2009-10/130***

# ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്

വെള്ളിയാഴ്ച ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. രാവിലെ ശരംകുത്തി കഴിഞ്ഞും ഭക്തരുടെ നിര നീണ്ടു.

ബാബറി സ്ജിദ് ദിനമായ ഡിസംബർ ആറിന്റെ പശ്ചാത്തലത്തിലും സംസ്ഥാനത്തെ സ്കൂളുകൾ ഏഴുമുതൽ മോഡൽ പരീക്ഷ തുടങ്ങുന്ന സാഹചര്യത്തിലും ഭക്തർ നേരത്തെ അയ്യപ്പദർശനത്തിനെത്തുന്നതാണ് ഭക്തജനത്തിരക്ക് വർദ്ധിക്കാൻ കാരണമെന്നുകരുതുന്നു.

രാവിലെ ശബരീശ ദർശനത്തിനെത്തിയ ഭക്തരുടെ നിര ശരംകുത്തി കഴിഞ്ഞും നീണ്ടു. മണിക്കൂറുകൾ ഭക്തർ അയ്യപ്പദർശനത്തിന് കാത്തുനിന്നു. ഉച്ചയ്ക്ക് ശേഷവും തിരക്ക് ക്രമാതീതമായി വർദ്ധിക്കുകയാണ്. ഉച്ചയ്ക്ക് നടപ്പന്തൽ കഴിഞ്ഞും ഭക്തരുടെ നിര നീണ്ടു. അപ്പം അരവണ കൗണ്ടറുകൾക്ക് മുന്നിലും വൻതിരക്കാണ് അനുഭവപ്പെടുന്നത്. കൂടാതെ നെയ്യഭിഷേകത്തിന് പരിശോധന ഏർപ്പെടുത്തിയതും തിരക്ക് വർദ്ധിപ്പിച്ചു. പോലീസും കേന്ദ്രസേന വിഭാഗങ്ങളും കനത്ത പരിശോധനയ്ക്ക് ശേഷമാണ് ഭക്തരെ കടത്തിവിടുന്നത്.



*ശബരിമല സന്നിധാനത്തെ വലിയനടപ്പന്തലിൽ ഇന്ന് (ഡിസം - 4) വൈകുന്നേരം അനുഭവപ്പെട്ട ഭക്തജനതിരക്ക്.*

***SPR/2009-10/131***

**- അവസാനിച്ചു -**